**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3827** **06-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്ക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്ക്കരണ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 1. വനത്തിന് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരം നടുന്നതിനായി 2.82 ലക്ഷം തൈകൾ തൻവർഷം വിതരണം ചെയ്തിട്ടുണ്ട്. 2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം ചമ്പക്കുളം - എടത്വ റോഡരുകിൽ 500 വലിയ കൂടതൈകൾ നട്ടുപരിപാലിച്ചു വരുന്നു. 3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗിന്റെ ഭാഗമായി വിവിധ സ്കൂളുകളിൽ ഡിപ്പാർട്ട്മെൻറ് നേരിട്ട് ഈ വർഷം 2000 വലിയ കൂടത്തൈകൾ നട്ടുപരിപാലിച്ചു വരുന്നു. 4. സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി ടി.ഡി.എച്ച്.എസ്.എസ് തുറവൂർ, വി.വി.എച്ച്.എസ് താമരക്കുളം എന്നിവിടങ്ങളിൽ 5 സെന്റ് സ്ഥലത്ത് വീതം വിദ്യാവനം നട്ടുപരിപാലിച്ചു വരുന്നു. 5. തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജമകണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70,000 കാറ്റാടി തൈകൾ നടുന്നതിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 80,000 തൈകൾ നടുന്നതിന്റെയും പ്രവർത്തനങ്ങൾ നടന്നു വരുന്നു. 6. സ്വകാര്യഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകൽ എന്നിവ നടത്തി വരുന്നു. 7. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമകൾക്ക് ചുരുങ്ങിയത് 25000/- രൂപ ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. 8. ജൈവവൈവിധ്യ പരിപാലനത്തിൽ മാതൃക പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. |
| (ബി) | ഈ ജില്ലയിൽ കാവുകളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വിശദമാക്കാമോ? | (ബി) | കാവുകളുടെ സംരക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന കാവ് ഉടമസ്ഥർക്ക് ദീർഘകാലാടിസ്ഥാനത്തിൽ 2 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. കാവുകളുടെ വിസ്തൃതി, ജൈവവൈവിധ്യം എന്നിവയാണ് മാനദണ്ഡം. ഇപ്രകാരം ഓരോ വർഷവും കുറഞ്ഞത് അഞ്ച് കാവുകൾക്ക് ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ